# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.304 — 23-06-2014-ൽ മറുപടിക്ക്

### ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്-കള്ള് വ്യവസായം സംബന്ധിച്ച നിർദ്ദേശങ്ങൾ

**ചോദ്യം:**

ശ്രീ. കെ. രാജു:
" വി. എസ്. സുനിൽ കുമാർ:
" ഇ. ചന്ദ്രശേഖരൻ:
" കെ. അജിത്:

(എ) ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ കള്ള് വ്യവസായത്തെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) ഉണ്ട്. 1. കള്ള് വീര്യം കുറഞ്ഞ ലഹരി പാനീയമായതു കൊണ്ടും, കള്ളിനോടൊപ്പം ആഹാരം ലഭ്യമാകുന്നതുകൊണ്ടും കായികമായ അദ്ധ്വാനത്തിൽ കള്ളിന്റെ ഉപഭോഗം ദോഷകരമാകാൻ ഇടയില്ല എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ, കള്ളുഷാപ്പുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2. കള്ള് ഷാപ്പുകൾക്ക് കള്ള് ചെത്ത് ക്ഷേമനിധി ബോർഡിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചു നൽകുക, കള്ള് ഷാപ്പുകൾ 5 വർഷത്തേക്ക് നൽകുക എന്നീ ആവശ്യങ്ങൾ സർക്കാർ പരിഗണിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

3. നീര ഉത്പാദനം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ നാളീകേര വികസന ബോർഡിന്റെ സഹകരണത്തോടെ ഇത് നടപ്പിലാക്കാവുന്നതാണെന്നും, കള്ളുഷാപ്പുകളിൽ കൂടി മാത്രം നീര വിപണനം ചെയ്യണം എന്ന തൊഴിലാളികളുടെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും, നീര അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്നും ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുള്ള മുൻകരുതലുകളോടെ ഒഴിവാക്കേണ്ടതാണെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

4. നിലവിലെ ഗ്രൂപ്പ് സമ്പ്രദായം തുടരുന്നത് അഭികാമ്യമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കള്ള് വ്യവസായ രംഗത്ത് നിലനില്ക്കുന്ന ബിനാമി സമ്പ്രദായം ഒരു പ്രശ്നമായി കാണേണ്ടതില്ലെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. മദ്യ ഉപയോഗം കുറയ്ക്കുക എന്നത് പ്രാഥമിക ലക്ഷ്യമായി കാണുന്നതിനാൽ അടഞ്ഞ കള്ളുഷാപ്പുകൾ തുറക്കേണ്ടതില്ലെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

6. കള്ളുഷാപ്പുകളുടെ ദൂരപരിധി നിലവിലെ 400 മീറ്ററിൽ നിന്ന് ഇപ്പോൾ വ്യത്യാസപ്പെടുത്തേണ്ടതില്ലെന്നും ആധുനിക രീതിയിൽ കള്ളുഷാപ്പുകൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ ദൂരം കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ബി) സമഗ്ര മദ്യനയം പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് സർക്കാർ നിയോഗിച്ച ഏകാംഗ കമ്മീഷൻ റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രൻ 06/03/2014-ന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ 02/04/2014-ലെ മന്ത്രിസഭാ തീരുമാനമനുസരിച്ച് നികുതി വകുപ്പ് സെക്രട്ടറിയെ ടി ശുപാർശകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പ് സെക്രട്ടറി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ മേഖലയിലെ തൊഴിലാളി സംഘടനകളുമായി വിശദമായി ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ആഫീസർ